പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1002 — 02.12.2015 ന് മറുപടിയ്ക്ക്.

## അംഗീകാരമില്ലാത്ത ഐ .ടി .ഐ കൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.കെ.നാരായണൻ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) എൻ.സി.വി.റ്റി.-യുടെ അംഗീകാരമില്ലാത്ത എത്ര ഐ റ്റി ഐ കളാണ് പ്രവർത്തിക്കുന്നതെന്നും, അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ ; | (എ) എൻ.സി.വി.റ്റി.-യുടെ അംഗീകാരം ലഭിക്കുന്നത്, ഒരു ഐ.ടി.ഐ.യ്ക്ക് ആയിട്ടില്ല. മറിച്ച് ഒരു ഐ.ടി.ഐ.യിലെ ഓരോ ട്രേഡിലേയും ഓരോ യൂണിറ്റിനുമാണ്. ടി മാനദണ്ഡത്തിൽ ഈ വകുപ്പിന് കീഴിൽ എല്ലാ യൂണിറ്റുകൾക്കും എൻ.സി.വി.റ്റി. അംഗീകാരമുള്ള ഐ.ടി.ഐ. കൾ 3 എണ്ണവും, എൻ.സി.വി.റ്റി. അംഗീകാരമുള്ളതും എസ്.സി.വി.റ്റി. അംഗീകാരമുള്ളതുമായ യൂണിറ്റുകൾ ഉള്ള ഐ.ടി.ഐ. കൾ 38 എണ്ണവും. എല്ലാ യൂണിറ്റുകളും എസ്.സി.വി.റ്റി.യുടെ മാത്രം അംഗീകാരമുള്ള ഐ.ടി.ഐ. കൾ 40 എണ്ണവും ആണ്. ഇവയുടെ പേര് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) പ്രസ്തുത ഐ റ്റി ഐ കളിൽ നിന്നും പഠനം പൂർത്തിയാക്കുന്നവർക്ക് എൻ സി വി റ്റി സർട്ടിഫിക്കറ്റ് ലഭിക്കാതെ കബളിപ്പിക്കപ്പെടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | (ബി) ഇല്ല. |
| (സി) പ്രസ്തുത ഐ റ്റി ഐ കൾക്ക് അംഗീകാരം ലഭിക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ കൈക്കൊള്ളുമോ ; | (സി) എസ്.സി.വി.റ്റി.-യുടെ അംഗീകാരം മാത്രമുള്ള ട്രേഡുകൾ/യൂണിറ്റുകൾക്ക് ഡി.ജി.ടി. സിലബസ് പ്രകാരമുള്ള പഠനോപകരണങ്ങളും യന്ത്രസാമഗ്രികളും നിശ്ചിത അളവിലുള്ള വർക്ക്ഷോപ്പും ലഭ്യമായാൽ മാത്രമേ എൻ.സി.വി.ടി അംഗീകാരത്തിന് ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യ-യിൽ അപേക്ഷ നൽകുവാൻ കഴിയുകയുള്ളൂ. ആയതിനാൽ എസ്.സി.വി.ടി അംഗീകാരം മാത്രമുള്ള യൂണിറ്റുകളിലെ പഠനോപകരണങ്ങളും യന്ത്രസാമഗ്രികളും ഈ സാമ്പത്തിക വർഷം സംഭരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ടി യൂണിറ്റുകൾക്ക് ആവശ്യമായ നിശ്ചിത അളവിലുള്ള വർക്ക്ഷോപ്പ് ലഭ്യമാക്കുന്നതിന് വകുപ്പിന്റെ ഭാഗത്ത് നിന്നുള്ള നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ